ആലോചിക്കുന്നുണ്ടെന്നും നമ്മുടെ പിച്ചക്കാർ മനസ്സിലാക്കിയിരിക്കണം. പത്തുപൈസ പിച്ചകിട്ടിയ ഒരു പിച്ചക്കാരൻ, കൊടുത്തയാളുടെ മുഖത്തു് അതു വലിച്ചെറിഞ്ഞു പിറുപിറുത്തുകൊണ്ടു തിരിഞ്ഞുനടക്കുന്നതു് അടുത്ത ദിവസം ഞാൻ കാണുകയുണ്ടായി. കാൽരൂപ(ഇരുപത്തഞ്ചുപൈസ)യിൽ കുറഞ്ഞ ഒന്നും തനിക്കാവശ്യമില്ലെന്നാണു് അയാൾ അന്നു പറഞ്ഞതു്. കാൽരൂപ വാങ്ങാൻ ആ പിച്ചക്കാരൻ സമ്മതിച്ചതുതന്നെ വലിയ ഒരു സൗജന്യമെന്ന നിലയിലായിരുന്നു. 'അര ചായയ്ക്കു് അമ്പതുപൈസ കൊടുക്കണ്ടേ സാർ?' എന്ന അയാളുടെ ചോദ്യത്തിൽ സത്യത്തിന്റെ ഗംഭീരമായ മുഴക്കം എനിക്കു കേൾക്കാൻ കഴിഞ്ഞു. ശരിയാണു്. പിച്ച കൊടുക്കുകയാണെങ്കിൽ ചുരുങ്ങിയതു് ഒരു രൂപയെങ്കിലും കൊടുക്കണം. കാരണം, പിച്ച നൽകുന്ന നിങ്ങൾക്കു പുണ്യം കിട്ടിയാൽമാത്രം പോരല്ലോ, നിങ്ങൾക്കു പുണ്യം നേടിത്തരുന്ന പിച്ചക്കാരനു് എന്തെങ്കിലും പ്രയോജനം ഉണ്ടാവുകകൂടി വേണ്ടേ?

(24 ഒക്ടോബർ, 1982)

## 99. രൂപ

'ഒരു രൂപ തരാമോ?'

'തരാമല്ലോ.'

'നോട്ടു് വേണ്ട.'

'എന്തേ? നോട്ടിനു് എന്താണു തരക്കേടു്?'

'തൊട്ടാൽ കൈയിൽ ചെളി പററും. പേഴ്സിൽ ഇട്ടാൽ പേഴ്സു് നാറും.'

'ശരി, എന്നാൽ വെള്ളിരൂപതന്നെ തരാം.'

'വെള്ളിരൂപയോ? നോക്കട്ടെ. ഇതു് 1980–ൽ അടിച്ചിറക്കിയതാണല്ലോ.'

'അതിനു്?'

'ഇതു് വെള്ളിരൂപയല്ല. കുറേക്കൂടി വ്യക്തമായി പറഞ്ഞാൽ, ഇതു മുഴുവെള്ളിരൂപയല്ല.'

'പിന്നെ?'

'ഇതിൽ പകുതിയേ വെള്ളിയുള്ളു. ബാക്കി പകുതി ചെമ്പു്, നിക്കൽ, തുത്തനാകം (സിങ്കു്) എന്നീ ലോഹങ്ങളാണു്. അതിനാൽ 'നാലു്കൂട്ടു്' എന്ന അർത്ഥത്തിലുള്ള 'ക്വാർട്ടർ നേരി' എന്ന പേരാണു് ഇതിനു് ആദ്യം നൽകപ്പെട്ടിരുന്നതു്.'

'അങ്ങനെയൊരു പേരു് കേട്ടിട്ടില്ലല്ലോ.'

'ആ പേരു് പ്രചരിച്ചാൽ, അതായതു് രൂപനാണ്യം മുഴുവൻ വെള്ളിയല്ലെന്നും, അതു് ഒരു കൂട്ടുലോഹമാണെന്നും ധാരണ പരന്നാൽ, ആളുകൾ അതു് എടുത്തില്ലെങ്കിലോ എന്നു്, രൂപ അടിച്ചിറക്കാൻ ബാദ്ധ്യതപ്പെട്ട റിസർവ് ബാങ്കിലെ ഗവർണർക്കു് സംശയം തോന്നി. അതിനാൽ മുമ്പു നിശ്ചയിക്കപ്പെട്ടിരുന്ന 'ക്വാർട്ടർ നേരി' എന്ന പേരുപേക്ഷിച്ചു്, 'പുതിയ രൂപനാണ്യം' (ന്യൂ റുപ്പീ കോയ്ൻ) എന്ന പേരു് ഈ നാണ്യത്തിനു നൽകുവാൻ അദ്ദേഹം നിർദ്ദേശിച്ചു. 'ക്വാർട്ടർനേരി' എന്ന പേർ നമ്മൾ കേൾക്കാത്തതിന്റെ കാരണം അതാണു്.'

'പുതിയ രൂപ, അതായതു് നാൽക്കൂട്ടു്, എന്നുമുതൽക്കാണു നടപ്പിലായതു്?'

'1940 നവംബർ മുതൽ.'

'അതിനുമുമ്പ് അടിച്ചിറക്കിയിരുന്ന രൂപനാണ്യത്തിൽ മുഴുവൻ വെള്ളിയായിരുന്നുവോ?'

'പന്ത്രണ്ട് ഭാഗത്തിൽ പതിനൊന്ന് ഭാഗവും വെള്ളിയായിരുന്നു. പന്ത്രണ്ടിലൊരു ഭാഗം ചെമ്പും.'

'ചെമ്പുകൂട്ടിയിരുന്നത് എന്തിനാണ്?'

'മുഴുവൻ വെള്ളിയായാൽ നാണ്യം ഞെണുങ്ങാനും പൊട്ടാനും സാദ്ധ്യതയുണ്ട്. ദൃഢതയ്ക്കുവേണ്ടിയാണ് പന്ത്രണ്ടിലൊരു ഭാഗം ചെമ്പു കലർത്തിയിരുന്നത്.'

'വെള്ളിരൂപ എന്നുമുതൽ നടപ്പിലായി?'

'ഇന്നു നാം അറിയുന്ന തരത്തിലുള്ള വെള്ളിരൂപ ഏതാണ്ട് 1836—ലാണ് നടപ്പിലായത്. ഇന്ത്യയിൽ പല ഭാഗങ്ങളിലും ആധിപത്യം പുലർത്തിയിരുന്ന ഈസ്റ്റിന്ത്യാ കമ്പനി, ഇവിടെ നിലവിലിരുന്ന പലതരം നാണ്യവ്യവസ്ഥകൾ മാററി, ഒരു ഏകീകൃത നാണ്യവ്യവസ്ഥ നടപ്പിലാക്കാൻ 1806—ൽ തീരുമാനിച്ചു. പക്ഷേ, ആ തീരുമാനം നടപ്പിൽ വരുത്താൻ ഏതാണ്ട് മുപ്പതു വർഷം എടുത്തു.'

'ബ്രിട്ടീഷുകാർ വരുംമുമ്പ് എന്തായിരുന്നു ഇവിടത്തെ നാണ്യങ്ങളുടെ സ്ഥിതി?'

'പല നാട്ടുരാജ്യങ്ങളും സ്വന്തം നാണ്യങ്ങൾ അടിച്ചിറക്കിയിരുന്നു—സ്വർണത്തിലും, വെള്ളിയിലും, ചെമ്പിലും. എങ്കിലും വെള്ളിനാണ്യങ്ങൾക്കായിരുന്നു കൂടുതൽ പ്രചാരം.'

'അതെയോ?'

'അതേ. 'രൂപ' എന്ന വാക്കിനുതന്നെ 'വെള്ളി' എന്ന് അർത്ഥമാണല്ലോ. സംസ്കൃതത്തിലെ 'രൂപ്യ' എന്ന വാക്കിൽനിന്ന് ഉണ്ടായവയാണ് രൂപയാ, രൂപ, റുപ്പീ മുതലായ പദങ്ങൾ.'

'ഉറുപ്പിക' എന്ന പദമോ?'

'അത് 'രൂപയ'യുടെ മറെറാരു രൂപം. ദ്രാവിഡഭാഷകളിൽ 'റ' കൊണ്ടു തുടങ്ങുന്ന പദങ്ങൾ ഉണ്ടായിരുന്നില്ല. അത്തരം പദങ്ങൾ മററു ഭാഷകളിൽനിന്നു കടമെടുക്കുമ്പോൾ, അ, ഇ, ഉ എന്നീ സ്വരാക്ഷരങ്ങളിൽ ഏതെങ്കിലും ഒന്ന് തുടക്കത്തിൽ ചേർക്കുകയായിരുന്നു പതിവ്. രംഗം 'അരങ്ങും' രാമൻ 'ഇരാമനും' (ചിലപ്പോൾ ഇററാമൻ) രൂപയ 'ഉറുപ്പിക'യും ആയതു് അങ്ങനെയാണ്.'

'അപ്പോൾ പൈസയോ?'

'ആ വാക്കിനു് 'ചക്രം' എന്നാണ് അർത്ഥം.'

'എന്തേ പൈസയ്ക്ക് അങ്ങനെ ഒരു പേരുവരാൻ?'

'തീർത്തു പറഞ്ഞുകൂടാ. നാണ്യത്തിന്റെ ആകൃതി നിമിത്തമാവാം. ആദ്യകാലത്തെ ചില ചെമ്പുനാണയങ്ങളിൽ ചക്രത്തിന്റെ ചിത്രം ചേർത്തിരുന്നതുകൊണ്ട്, പില്ക്കാലത്തെ ചക്രചിത്രമില്ലാത്ത ചെമ്പുനാണയങ്ങൾക്കും ആ പേരു് വന്നതുമാവാം. ഏതായാലും രൂപയുടെ അറുപത്തിനാലിൽ ഒരു ഭാഗം വിലവരുന്ന ചെമ്പുനാണ്യത്തിനാണ് മുമ്പ് 'പൈസ' എന്ന പേരു് നൽകിയിരുന്നത്. പിന്നീട് നാണ്യത്തിൽ ദശാംശസമ്പ്രദായം ഏർപ്പെടുത്തിയപ്പോൾ, 'പുതിയ പൈസ' എന്ന അർത്ഥമുള്ള 'നയാപൈസ' എന്ന പേരു് രൂപയുടെ നൂറിലൊരു ഭാഗം വിലയുള്ള ചെമ്പുനാണ്യത്തിനു് നൽകപ്പെട്ടു. ക്രമേണ 'നയാ' എന്ന വിശേഷണം വിട്ട്, അതിനെ വെറും 'പൈസ' എന്നു വിളിക്കാനും തുടങ്ങി.'

'വെള്ളിരൂപ അടിക്കുന്നതു നിർത്തി നാൽക്കൂട്ടു രൂപ അടിച്ചു തുടങ്ങാനുള്ള കാരണമെന്താണു്?'

'വെള്ളിയുടെ ദൗർലഭ്യമാവാം ഒരു കാരണം. മറ്റൊരു കാരണം, വെള്ളിക്ക് വില വർദ്ധിച്ചതോടെ, വെള്ളിനാണ്യങ്ങൾ ഉരുക്കി ആഭരണങ്ങളുണ്ടാക്കാൻ ജനങ്ങൾ ആരംഭിച്ചതുമാവാം. ഏതായാലും, 'വെള്ളി എന്ന പ്രേതത്തിന്റെ ബാധയിൽനിന്ന് ഇന്ത്യൻ നാണ്യവ്യവസ്ഥയെ മോചിപ്പിക്കാൻ' ഇന്ത്യാഗവണ്മെന്റിന്റെ ധനകാര്യമെമ്പർ ആയിരുന്ന സർ ജെയിംസ് ടെയ്‌ലർ 1923–ൽ തീരുമാനിച്ചു. ഈ തീരുമാനം, പക്ഷേ, 1940–ലേ നടപ്പിൽവന്നുള്ളു.'

'അപ്പോൾ 1940–നു മുമ്പ് അടിച്ച രൂപനാണ്യങ്ങളിൽ പന്ത്രണ്ടിൽ പതിനൊന്നു ഭാഗവും വെള്ളിയാണോ?'

'അതേ. അത്തരം നാണ്യങ്ങളുണ്ടെങ്കിൽ സൂക്ഷിച്ചുവെച്ചോളൂ. അവയ്ക്കു വെള്ളിയുടെ വില കിട്ടും; അതായത് ഒരു നാണ്യത്തിനു ഒരു രൂപയിൽ ഏറെ വില കിട്ടും.'

'എത്ര ഏറെ?'

'അതു് അതാതുകാലത്തു് മാർക്കറ്റിലെ വെള്ളിവില അനുസരിച്ചിരിക്കും.'

'1940–നു് ശേഷമുള്ള രൂപാനാണ്യങ്ങൾ ഉരുക്കിയാലോ?'

'ഉരുക്കിയാൽ അതിന്റെ പകുതി തൂക്കമേ വെള്ളി കാണൂ, അതിനുള്ള വിലയേ കിട്ടൂ.'

'അപ്പോൾ, ഉരുക്കാതെ ഉപയോഗിക്കുകയാണു് ലാഭം.'

'അതേ, നോട്ടുകൾക്കെന്നപോലെ ഇക്കാലത്തെ നാണ്യങ്ങൾക്കും, അവ നിർമിക്കാനുപയോഗിച്ച സാധനത്തേക്കാൾ എത്രയോ അധികമാണ് മാർക്കറ്റിൽ ലഭിക്കുന്ന വില.'

'നോട്ട് അടിക്കുന്നതു് നാസിക്കിൽ അല്ലേ?'

'നാസിക്കിൽ അടിക്കുന്നുണ്ടു്. നാസിക്കിൽ സർക്കാർവക ഒരു സെക്യൂരിറ്റി പ്രസ് ഉണ്ടു്. സെക്യൂരിറ്റി പ്രസ്സുകളിലാണ് ശരിയായ നോട്ടുകൾ അടിക്കുന്നതു്. കള്ളനോട്ടുകൾ എവിടെയും അടിക്കുന്നുണ്ടാവാം.'

'നാണയങ്ങളോ?'

'നാണയങ്ങൾ 'കമ്മട്ട'ങ്ങളിൽ അടിക്കുന്നു. കമ്മട്ടത്തെ 'മിന്റ്' എന്നു് ഇംഗ്ലീഷിൽ പറയുന്നു. ഒരു സർക്കാർ കമ്മട്ടം സ്ഥിതിചെയ്തിരുന്നതിനാലാണ് മദ്രാസിലെ 'മിന്റ് സ്ട്രീറ്റി'നു് ആ പേരു വന്നതു്.'

'അവിടെ ഇപ്പോഴും കമ്മട്ടമുണ്ടോ?'

'ഇല്ല. ഇപ്പോൾ ഇന്ത്യാ ഗവണ്മെന്റുവക കമ്മട്ടങ്ങൾ ഉള്ളതു് ഹൈദരാബാദിലും ബോംബെയിലും കല്ക്കത്തയിലുമാണ്. ബ്രിട്ടീഷ് ഭരണകാലത്തു് ഇന്ത്യയിലെ നാണ്യങ്ങൾ, ആദ്യകാലത്തു് മുഴുവനും പില്ക്കാലത്തു് കുറെയും, അടിച്ചിരുന്നതു് ബ്രിട്ടനിൽ ആയിരുന്നു. പിന്നീടു് അവ മുഴുവനും ഇന്ത്യയിൽ നിർമിച്ചുതുടങ്ങി. എന്നാൽ, ഈയിടെ ഇന്ത്യയിലെ കമ്മട്ടങ്ങളുടെ നാണ്യനിർമാണശേഷി അപര്യാപ്തമായതിനാൽ അമ്പതു കോടി ഒറ്റരൂപനാണ്യങ്ങൾ അടിക്കാൻ ഒരു ഓർഡർ ബ്രിട്ടനിൽ ബർമിങ്ഹാമിലുള്ള ഒരു സ്വകാര്യക്കമ്മട്ടത്തിനു് ഇന്ത്യാഗവണ്മെന്റ് നൽകിയിട്ടുണ്ടു്.'

'സ്വകാര്യക്കമ്മട്ടത്തിനോ?'

'ഹീറ്റൺ മിന്റ്' എന്ന പേരുള്ള ഒരു സ്വകാര്യക്കമ്മട്ടത്തിനു്, പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ നിലവിൽ വന്ന ഈ സ്ഥാപനം, ബ്രിട്ടീഷ് ഭരണകാലത്തു് ടൺകണക്കിനു നാണയങ്ങൾ ഇന്ത്യാഗവണ്മെന്റിനു് അടിച്ചുനൽകിയിരുന്നു. ഇന്ത്യയ്ക്കു പുറമെ യൂറോപ്പിലെയും വടക്കും തെക്കും അമേരിക്കയിലെയും പല രാജ്യങ്ങൾക്കും, ചൈനയ്ക്കും ഇവർ നാണ്യങ്ങൾ നിർമിച്ചു കൊടുത്തിരുന്നുവത്രേ. ഇടക്കാല

ത്തു് ഇന്ത്യയ്ക്കുവേണ്ട നാണ്യങ്ങൾ മുഴുവൻ ഇന്ത്യയിൽത്തന്നെ അടിച്ചു തുടങ്ങിയെന്നു പറഞ്ഞല്ലോ. ഇപ്പോൾ വീണ്ടും ഇന്ത്യയുടെ നാണ്യങ്ങൾ അടിക്കുന്ന ചുമതല ഹീററൺ ഏറ്റെടുത്തിരിക്കുന്നു. മുഴുവനായല്ല, ഭാഗികമായി.'

'ഹീററൺ രൂപ നടപ്പിൽവന്നു കഴിഞ്ഞുവോ?'

'നിങ്ങളുടെ കൈയിൽ കിട്ടുന്ന രൂപ—നാണ്യങ്ങൾ സൂക്ഷിച്ചു പരിശോധിക്കുക. ഹീററൺ കമ്മട്ടത്തിന്റെ അടയാളമായ, ഇംഗ്ലീഷിലെ 'എച്ച്' എന്ന അക്ഷരം അതിലെവിടെയെങ്കിലും കാണുന്നുണ്ടെങ്കിൽ, അതു് 'ഹീററൺ രൂപ'യാണെന്നു തീരുമാനിക്കാം. 'എച്ച്' കാണുന്നില്ലെങ്കിൽ ആ നാണ്യം ഇന്ത്യയിലെ ഏതെങ്കിലും കമ്മട്ടത്തിൽ അടിച്ചതായിരിക്കണം.'

'രൂപയെപ്പററി ഇത്രയും വിവരങ്ങൾ തന്നതിനു നന്ദി.'

'നന്ദിയോ? നന്ദി ആർക്കുവേണം? എന്റെ ഫീസ് അഞ്ചു രൂപയാണു്. നാലു രൂപകൂടി എടുക്കൂ. നോട്ടായാലും വിരോധമില്ല. കൈയിൽ പററുന്ന ചെളി ഞാൻ കഴുകിക്കളഞ്ഞുകൊള്ളാം.'

(11 ഓഗസ്റ്റ്, 1985)

# 100. കള്ളനോട്ട്

ഞാൻ കറൻസിനോട്ടുകൾ ഉപയോഗിച്ചുതുടങ്ങിയിട്ടു് ഏതാണ്ടു് അമ്പതു വർഷങ്ങളായി. ഇതിനിടയിൽ എപ്പോഴെങ്കിലും ഒരു കള്ളനോട്ട് എന്റെ കൈയിൽ വന്നുപെട്ടതായി ഓർമിക്കുന്നില്ല. കീറിയ നോട്ട്, മുഷിഞ്ഞ നോട്ട്, മഷിയോ, എണ്ണയോ വീണു മലിനമായ നോട്ട്— അതൊക്കെ കൈയിൽ കിട്ടിയിട്ടുണ്ടു്. പീടികക്കാർ എടുക്കാൻ മടിക്കുന്ന ഇത്തരം നോട്ടുകൾ ബാങ്കുകാർ ഒരു മുറുമുറുപ്പും കൂടാതെ വാങ്ങി പകരം നല്ല, വൃത്തിയുള്ള പുതിയ നോട്ടുകൾ തരും. ഇതിനു കമ്മീഷൻ കൊടുക്കേണ്ടതുമില്ല.

കള്ളനോട്ട് കൈയിൽ വന്നുപററാത്തതു് എന്റെ മിടുക്കുകൊണ്ടോ ന്നുമല്ല. യഥാർത്ഥത്തിൽ കറൻസിനോട്ടുകളെപ്പററി ഒരു ചുക്കും എനിക്കു് അറിഞ്ഞുകൂടാ. കിട്ടിയതു് ഞാൻ വാങ്ങുകയും, കൊടുക്കേണ്ടവർക്കു കൊടുക്കുകയും ചെയ്യുന്നു എന്നു മാത്രം. കള്ളനോട്ടുകളുടെ വൻതോതിലുള്ള പ്രചാരത്തെപ്പററി ആളുകൾ സംസാരിക്കുന്നതു കേൾക്കുമ്പോൾ, നമ്മുടെയെല്ലാം കൈകളിൽക്കൂടി കടന്നുപോകുന്ന നോട്ടുകളിൽ അധികവും കള്ളനോട്ടുകളല്ലേ എന്ന സംശയം തോന്നിപ്പോകുന്നു. അവ കള്ളനോട്ടുകളാണെന്നു കണ്ടുപിടിക്കപ്പെടാത്തതിനാൽ കൊള്ളക്കൊടുക്കൽ സുഗമമായി നടക്കുന്നു എന്നല്ലേയുള്ളു? കള്ളനാണയങ്ങൾ നല്ല നാണയങ്ങളെ മാർക്കററിൽനിന്നു തുരത്തുമെന്ന ഒരു സുപ്രസിദ്ധ നിയമം ധനശാസ്ത്രവിദ്യാർത്ഥികൾ പഠിക്കാറുണ്ടല്ലോ. നോട്ടുമാർക്കററിൽ ഇതു് ഇപ്പോൾത്തന്നെ സംഭവിച്ചിരിക്കയാണോ?

ഒരർത്ഥത്തിൽ കറൻസിനോട്ടുകൾ എല്ലാംതന്നെ കള്ളനാണയങ്ങളല്ലേ? 'ഇതു് കൈയിലുള്ള ആൾക്കു് നൂറുരൂപ അല്ലെങ്കിൽ അമ്പതു രൂപ, ഇരുപതു രൂപ, പത്തു രൂപ, അഞ്ചു രൂപ, രണ്ടു രൂപ കൊടുക്കാമെന്നു് ഞാൻ പ്രതിജ്ഞചെയ്യുന്നു' എന്ന അർത്ഥത്തിൽ ഒരു വാക്യവും, അതിനു കീഴെ അന്നന്നത്തെ റിസർവ് ബാങ്ക് ഗവർണരുടെ ഒരു ഒപ്പും അച്ചടി